കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെഎസ്എ/കെഎൻആർ/സി.11/978/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്കാര്യാലയം,കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 04-07-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),

മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് 2016-17-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1, 3-1,എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997

കേരളാ പഞ്ചായത്ത്രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്</u>:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പ്രതി

pvp/apr

നം.കെഎസ്എ/കെഎൻആർ/സി 11/978/2017.

തീയതി : 04-07-2017.

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

ആമുഖം

(*1994*-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994*-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01-12-2016 മുതൽ 31-05-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 01-06-2016 മുതൽ 13-06-2016 വരെ |

(ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ പി.വി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ദിലീപ് കുമാർ കെ.എൻ. | ഓഡിറ്റർ |
| കുമാരി.മിഥുചന്ദ്ര സി. | ഓഡിറ്റർ |

(സി) നിർവ്വഹണാധികാരികൾ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.ബാബു ജോസഫ് | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.രാജേന്ദ്രൻ. | 01-04-2016 മുതൽ 08-12-2016 വരെ |
| | ശ്രീ.പി.കെ.വിനോദ് | 09-12-2016 മുതൽ 10-01-2017 വരെ |
| | ശ്രീ.കെ.രാജേന്ദ്രൻ. | 11-01-2016 മുതൽ 31-03-2017 വരെ |

(ഡി) നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എം.പ്രകാശ് ബാബു | 01-04-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.യു.പ്രസന്നൻ | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.സാരഥി | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. | ശ്രീ.തസ്ലിം ടി.പി. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഗ്രിഫിൻ സുരേന്ദ്രൻ | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസെക്രട്ടറി | ശ്രീ.പി.കെ.വിനോദ് | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ശോഭന എ.വി. | 01-04-2016 മുതൽ 02-05-2016 വരെ |
| | ശ്രീമതി.ഗീതാകുമാരി.വി.ജി | 03-05-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| | | |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | ശ്രീമതി.നിമിഷ ടി.വി. | 01-04-2016 മുതൽ 09-08-2016 വരെ |
| | ശ്രീ.സന്തോഷ്ജീവൻ ടി.വി | 10-08-2016 മുതൽ 12-08-2016 വരെ |
| | ശ്രീമതി.ഇന്ദു വാര്യർ | 13-08-2016 മുതൽ 04-10-2016 വരെ |
| | ശ്രീമതി.ജയറാണി.പി | 05-10-2016 മുതൽ 19-10-2016 വരെ |
| | ശ്രീമതി.ഇന്ദു വാര്യർ | 20-10-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഇ.പി.മനോജ് | 01-04-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | ഗ്രാമ സഭ | 1-7 | |
| 8 | ദുരിതാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തര നിയന്ത്രണം | 1-13 | |

| | | | |
|---|---|---|---|
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| | ഭാഗം 2 | | |
| 15 | തൊഴിൽ നികുതി - അപാകങ്ങൾ | 2-1 | |
| 16 | ഡി ആന്റ് ഓ ലൈസൻസ് - അപാകങ്ങൾ | 2-2 | |
| 17 | വസ്തു നികുതിയിനത്തിൽ പിരിച്ചെക്കാൻ വൻ തുക | 2-3 | |
| | ഭാഗം 3 | | |
| 18 | മരാമത്ത് പ്രവൃത്തി - ബില്ല് തയ്യാറാക്കിയതിൽ പിശക് അധികം നൽകിയത് 43,412/- രൂപ | 3-1 | |
| 19 | പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയതിൽ 6,881 /- കുറവ് | 3-2 | |
| 20 | പൂർത്തിയാക്കാത്ത ഭവന നിർമാണം-സത്വര നടപടികൾ അനിവാര്യം | 3-3 | |
| 21 | നേന്ത്ര വാഴക്കൃഷിക്ക് രാസവളം വിതരണം -പ്രൊജക്റ്റിലെ നിരക്കിലും അധികമായി നൽകിയ 333/- രൂപ തടസ്സത്തിൽ വെക്കുന്നു | 3-4 | |

| | | | |
|---|---|---|---|
| 22 | എല്ലാ വീടുകളിലും അടുക്കളത്തോട്ടം - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 1218/- രൂപ തടസ്സത്തിൽ വെക്കുന്നു | 3-5 | |
| 23 | നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും നൽകൽ - മാർഗ്ഗ രേഖാ നിർദ്ദേശം കൃത്യമായി പാലിച്ചില്ല. | 3-6 | |
| 24 | പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം സ്ഥാപനങ്ങളിലേക്ക് നൽകാൻ കാലതാമസം | 3-7 | |
| 25 | വനിതകൾക്ക് പശു വിതരണം – ഗുണഭോക്താക്കളുടെ വാർഷിക വരുമാനം പരിശോധിച്ചില്ല – 4,65,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 | |
| 26 | വിദ്യാർത്ഥി – വിദ്യാർത്ഥിനികൾക്കുള്ള പരിശീലന പരിപാടികൾ – അർഹത ഉറപ്പാക്കുന്നില്ല | 3-9 | |
| 27 | എസ്. എസ്. എ - പദ്ധതി നിർവഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തമില്ല | 3-10 | |
| 28 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനർഹമായി തുക അനുവദിച്ചു - 1100/- രൂപയുടെ നഷ്ടം | 3-11 | |

| | | | |
|---|---|---|---|
| | | | |
| 29 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – അർഹതപ്പെട്ട മുഴുവൻ തുകയും വിതരണം ചെയ്യുന്നില്ല | 3-12 | |
| 30 | ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമല്ലാത്തതിനാൽ 1,37,170/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-13 | |
| 31 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-14 | |
| 32 | ബാങ്ക് അക്കൗണ്ടിൽ ബാക്കിയായ തുക തിരിച്ചടച്ചില്ല | 3-15 | |
| 33 | ഭവന നിർമാണം - പട്ടികജാതി - കരാർ എഴുതി രജിസ്റ്റർ ചെയ്തിട്ടില്ല - ഗുണഭോക്താവിന് നൽകിയ 2,40,000/- രൂപ തടസ്സത്തിൽ വെക്കുന്നു | 3-17 | |
| | ഭാഗം 4 | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| | | | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 43 | അനുബന്ധം –1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 44 | അനുബന്ധം -2 ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | - | |
| 45 | അനുബന്ധം - 3 റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | - | |
| 46 | അനുബന്ധം –4 ബാലൻസ് ഷീറ്റ് | - | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

02-02-2016 തീയ്യതിയിലെ 56/16 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 77,71,123 |
| വരവ് | 8,94,15,000 |
| ആകെ | 9,71,86,123 |
| ചെലവ് | 9,18,30,000 |
| നീക്കിയിരിപ്പ് | 53,56,123 |

ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഭരണസമിതി ഇത് അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥ വരവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് ബജറ്റിലെ പല ഇനങ്ങളും തയ്യാറാക്കിയിട്ടുള്ളത്. വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവയുടെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വളരെയധികം അന്തരം നിലനിൽക്കുന്നു. ബജറ്റ് വ്യതിയാനത്തിന്റെ ചില ഉദാഹരണങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നം. | നികുതി ഇനം | ബജറ്റ് പ്രകാരം വരവ് | യഥാർത്ഥ വരവ് | പുതുക്കിയ ബജറ്റ് പ്രകാരം വരവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വസ്തു നികുതി | 30,00,000 | 18,55,294 | 14,61,035 |
| 2 | തൊഴിൽ നികുതി | 20,00,000 | 9,74,490 | 8,70,150 |
| 4 | വാടക | 3,00,000 | 1,52,120 | 1,12,500 |
| 5 | ലൈസൻസ് ഫീസ് | 2,00,000 | 61,350 | 44,200 |
| 6 | പെർമിറ്റ് ഫീസ് | 4,40,000 | 1,03,093 | 98,675 |

ബജറ്റ് തയ്യാറാക്കുമ്പോൾ കുറേക്കൂടി സൂക്ഷ്മതയും ജാഗ്രതയും ഉണ്ടാവേണ്ടതും അവ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക:

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 29-05-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം:

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|

| | | |
|---|---|---|
| 2016-17 | 12-06-2017 മുതൽ<br>13-06-2017 വരെ | വിശേഷണങ്ങളോട് കൂടിയത് |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു:

1) ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

2) വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) 'സഞ്ചയ' റിപ്പോർട്ട് പ്രകാരമുള്ള വസ്തു നികുതി ഡിമാൻഡും വാർഷിക ധനകാര്യ പത്രികയിലെ ഡിമാൻഡും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിൽ കാണിച്ച പ്രേരക്മാർക്ക് ഹോണറേറിയം നൽകിയ ഇനത്തിലെ 62,423/- രൂപയിൽ 2016-17 വർഷത്തെ കണക്ക് ഉൾപ്പെട്ടിട്ടില്ല.

5) RP-43 പ്രകാരം ഡി & ഒ ലൈസൻസ് ഇനത്തിലുള്ള വരവും ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6) 2015-16 വർഷത്തെ അക്കൌണ്ട് പ്രകാരം തൊഴിൽ നികുതി കുടിശ്ശികയില്ല. എന്നാൽ തൻവർഷം കുടിശ്ശിക വരവ് കാണിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 1,94,65,438 |
| വരവ് * | 3,74,20,668 |
| ആകെ | 5,68,86,106 |
| ചെലവ് * | 3,29,04,795 |
| നീക്കിയിരിപ്പ് | 2,39,81,311 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുൻബാക്കി | തൻവർഷത്തെ അലോട്ട്മെന്റ്* | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 10115951 | 10115951 | 8637083 | 1478868 | 85.38 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 455844 | 455844 | 356200 | 996444 | 78.14 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 3124125 | 3124125 | 1850348 | 1273777 | 59.23 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4005018 | 4005018 | 2001318 | 2003700 | 49.97 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2969901 | 2969901 | 1498879 | 1471022 | 50.47 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5672764 | 5672764 | 3576153 | 2096611 | 63.04 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2974642 | 2974642 | 411014 | 2563628 | 13.82 |

| | | | | | | |
|---|---|---|---|---|---|---|
| എൻ.ആർ.ഇ. ജി.എസ്. (-) | 299 | 527465 | 527764 | 527191 | 573 | 99.89 |
| ബി ഫണ്ട് ** | 0 | 8917792 | 8917792 | 8917792 | 0 | 100 |

*എ.സി.ആർ. പ്രകാരം

** ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

(-) ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം.

## 1-6 പദ്ധതി അലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 136 | 44586044 | 69 | 20092546 | 51 | 67 | 13.24% |

എ: നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 8 | 6086351 | 1072078 | 17.61 |
| കൃഷി ഓഫീസർ | 5 | 5 | 1114926 | 749777 | 67.25 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 2 | 2 | 1740000 | 1464924 | 84.19 |
| വി.ഇ.ഒ | 13 | 10 | 6952600 | 4470200 | 64.30 |
| അസി.എഞ്ചിനിയർ | 68 | 26 | 20325417 | 6134719 | 30.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 3578550 | 3367790 | 94.11 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 1 | 1 | 595700 | 390868 | 65.61 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| അസി.സെക്രട്ടറി | 15 | 8 | 2832500 | 1087500 | 38.39 |
| ഹെഡ് മാസ്റ്റർ | 4 | 4 | 960000 | 954690 | 99.44 |
| ആകെ | 136 | 69 | 44586044 | 20092546 | 45.06 |

ബിഃ ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 10175951 | 8637083 | 84.88 |
| എസ്.സി.പി. | 555844 | 356200 | 64.08 |
| ടി.എസ്.പി. | 5156675 | 1850348 | 35.88 |

| | | | |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5881764 | 3576153 | 60.80 |
| ലോകബാങ്ക് ധനസഹായം | 2974642 | 411014 | 13.82 |
| സംസ്ഥാനാവിഷ്കൃതം | 2473500 | 149976 | 6.06 |
| തനത് ഫണ്ട് | 4766135 | 284408 | 0.6 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 36000 | 36000 | 100 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 540900 | 197400 | 36.49 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2218750 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 4479096 | 2001318 | 44.68 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 2969901 | 1498879 | 50.47 |
| മറ്റുള്ളവ | 2356886 | 1093769 | 46.41 |
| ആകെ | 44586044 | 20092546 | 45.06 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിയിൽ 2016-17 വർഷം ഗ്രാമപഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിച്ച് വിവിധ പ്രൊജക്ടുകൾക്കായി മൊത്തം വകയിരുത്തിയ തുകയുടെ 45.06% തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. വകയിരുത്തിയ തനത്ഫണ്ടിന്റെ കേവലം 6% തുക മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. അസി.എഞ്ചിനിയർ, സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിനിയോഗം നന്നേ കുറവാണ്. ലോകബാങ്ക് ധനസഹായം, സംരക്ഷണഗ്രാന്റ് (നോൺറോഡ്), സംരക്ഷണഗ്രാന്റ് (റോഡ്), ടി.എസ്.പി. എന്നിവയുടെ വിനിയോഗം തൃപ്തികരമല്ല.

15 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ ആകെ 68 മരാമത്ത് പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. എന്നാൽ 26 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. ഇതിൽ 5 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളാണ്. 10 സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് തുക ഒന്നും തന്നെ

ചെലവഴിക്കാൻ സാധിച്ചില്ല. തൻവർഷം ആകെ 42 മരാമത്ത് പ്രവൃത്തികൾക്ക് തുക ഒന്നും ചെലവഴിക്കാൻ സാധിച്ചില്ല എന്നത് പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ വ്യക്തമാക്കുന്നു.

## 1-7 ഗ്രാമ സഭ

പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ നാല് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ജൂൺ മാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിൽ മുൻവർഷത്തെ വാർഷിക പദ്ധതി ചെലവ് അംഗീകരിക്കൽ, 2016-17 വർഷത്തെ പദ്ധതി രൂപീകരണം എന്നിവയും, ഓഗസ്റ്റ് മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഐ.എ.വൈ. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരണം എന്നിവയും, നവംബർ മാസം കൂടിയ മൂന്നാമത്തെ ഗ്രാമസഭയിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, 2017-18 വർഷത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ അംഗീകരിക്കൽ എന്നിവയും, ഫെബ്രുവരി മാസം ചേർന്ന ഗ്രാമസഭയിൽ ഭക്ഷ്യസുരക്ഷ നിയമം-കരട് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, ദേശീയ കുഷ്ഠരോഗ നിർമാർജ്ജന പദ്ധതി - “സ്പർശ് ” സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സ് എന്നിവയും അജണ്ടയായി ഉൾപ്പെടുത്തി. 1997-ലെ KPR (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. പൊതുവെ വലിയ തോതിലുള്ള ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003-ലെ കേരളാ പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ നേരത്തെ തന്നെ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസനിധി അക്കൌണ്ട് നിഷ്ക്രിയാവസ്ഥയിലാണ്. 31-05-2014-നാണ് അക്കൌണ്ടിൽ അവസാനമായി തുക നിക്ഷേപിച്ചതും പിൻവലിച്ചതും. പിന്നീട് പലിശയിനത്തിലുള്ള വരവല്ലാതെ മറ്റ് ധനസമാഹരണങ്ങളൊന്നുമുണ്ടായിട്ടില്ല. 31-03-2017-ന് ആകെ 11,108/- രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ

നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തര സഹായം നൽകാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്.വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13-02-2009-ലെ ജി.ഒ.(എം.എസ്) 28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തന പരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | വർഷം 2015-16 | വർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2220920 | 2829784 | 608864 | 27.41 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1182799 | 2031445 | 848646 | 71.75 |
| മറ്റുവരവുകൾ | 6441673 | ഇല്ല | 6441673 | 100 (-) |
| ആകെ | 10345392 | 4861229 | 5484163 | 53.01(-) |

മുൻവർഷത്തെ അപേക്ഷിച്ച് തനതു നികുതി വരവുകളിൽവന്ന കുറവ് ഗൗരവപൂർവ്വം പരിശോധിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90600 | 58 |
| കർഷകതൊഴിലാളി വേതനം | 1098000 | 366 |

| | | |
|---|---|---|
| വിധവാപെൻഷൻ | 2346000 | 782 |
| വാർദ്ധക്യകാല പെൻഷൻ | 4032000 | 1220 |
| വികലാംഗപെൻഷൻ | 606700 | 199 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 156000 | 52 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-06-2017-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5320/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. ജീവനക്കാരുടെ യോഗം വിളിച്ച് പഞ്ചായത്തിന്റെ പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നുണ്ട്. 2016-17 വർഷം മാത്രം 8 തവണ സ്റ്റാഫ് മീറ്റിംഗ് കൂടി പ്രവർത്തനപുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. എന്നാൽ ചർച്ചചെയ്യുന്ന വിഷയങ്ങൾ അജണ്ടയായി മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-03-2017 | 01-09-2016 മുതൽ 31-01-2017 വരെ | ലഭിച്ചില്ല |

| | | | |
|---|---|---|---|
| | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-09-2011 | 2008-09 മുതൽ 2010-11 വരെ | 04-02-2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകങ്ങൾ -സമർപ്പിക്കുന്ന റിട്ടേണുകൾ വേണ്ടത്ര പരിശോധന നടത്തുന്നില്ല:

സ്ഥാപനങ്ങൾ നൽകുന്ന തൊഴിൽ നികുതി റിട്ടേണുകൾ കൃത്യമായി പരിശോധിക്കാതെയാണ് പഞ്ചായത്തിലെ ജീവനക്കാർ തൊഴിൽ നികുതി സ്വീകരിക്കുന്നത്. ചില സ്ഥാപനങ്ങൾ നൽകിയ തൊഴിൽ നികുതി റിട്ടേണുകളിൽ (ഉദാഃ ലിറ്റിൽ സ്റ്റാർ ഇംഗ്ലീഷ് സ്കൂൾ) അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവ ചേർക്കുന്നില്ല. ജീവനക്കാരുടെ പേര്, ആകെ തൊഴിൽ നികുതി എന്നിവ മാത്രം രേഖപ്പെടുത്തി തൊഴിൽ നികുതി അടവാക്കുന്നതായാണ് കാണുന്നത്. കൂടാതെ സ്ഥാപനത്തിൽ പുതിയതായി ജീവനക്കാർ പ്രവേശിക്കുന്ന തീയതി, മുൻ അർദ്ധവർഷത്തിൽ സ്ഥാപനത്തിൽ ഉണ്ടായിരുന്ന ഏതെങ്കിലും ജീവനക്കാർ സ്ഥാപനം വിട്ടു പോയെങ്കിൽ ആ തീയതി, മറ്റേതെങ്കിലും ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിൻെറ വിവരങ്ങൾ എന്നിവ രേഖപ്പെടുത്താത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാകുന്നില്ല. ഗ്രാമ പഞ്ചായത്തിൽ 5 റേഷൻ കടകൾ ഉണ്ട്. എന്നാൽ അവർ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കുന്നില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തുടർച്ചയായി നഷ്ടമാവുകയാണ്.

സ്ഥാപനങ്ങൾ നൽകുന്ന തൊഴിൽ നികുതി റിട്ടേണുകൾ കൃത്യമായി പരിശോധിച്ച ശേഷം തൊഴിൽ നികുതി സ്വീകരിക്കുന്ന രീതി അവലംബിക്കേണ്ടതാണ്.

ലിറ്റിൽ സ്റ്റാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാക്കയങ്ങാട് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ആകെ ശമ്പളം റിട്ടേണിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ സ്ഥാപനത്തിലെ ജീവനക്കാർ 120/- രൂപ വീതം തൊഴിൽ നികുതി അടവാക്കിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതി സംബന്ധിച്ച റിട്ടേൺ കൃത്യമായി വാങ്ങി സൂക്ഷിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുഴക്കുന്ന് പോലീസ് സ്റേറഷനിലെ ജീവനക്കാരായ കെ.പി. രമേശൻ, എം.മോഹനൻ എന്നിവരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവർ ജോലിയിൽ പ്രവേശിച്ച തീയ്യതി മാത്രമേ റിട്ടേണിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അവർ യഥാക്രമം 06-12-2016, 21-09-2016 എന്നീ കാലയളവിൽ ട്രാൻസ്ഫർ ആയിട്ടുണ്ടെന്നും കെ.പി.രമേശൻ ആകെ 42 ദിവസം

മാത്രമേ മുഴക്കുന്നിൽ ജോലി ചെയ്തിട്ടുള്ളൂ എന്നും എം.മോഹനൻ എന്നവർ കണ്ണൂർ എസ് എസ് ബി യിലേക്ക് ട്രാൻസ്ഫർ ആയതിനാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി കണ്ണൂർ കോർപ്പറേഷനിൽ ഒടുക്കി എന്നുമാണ് മറുപടി നൽകിയത്. എന്നാൽ തുക അടവാക്കിയതിന്റെ രസീതി ഹാജരാക്കിയിട്ടില്ല. കൃത്യമായ വിവരങ്ങൾ റിട്ടേണുകളിൽ രേഖപ്പെടുത്താത്തത് തൊഴിൽ നികുതി നിർണ്ണയം കുറ്റമറ്റതാകുന്നതിന് വിഘാതം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 ഡി ആന്റ് ഓ ലൈസൻസ് - അപാകങ്ങൾ

ഡി ആന്റ് ഓ ലൈസൻസുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ മിക്കതും അപൂർണ്ണമാണ്. മിക്ക അപേക്ഷയിലും മുഴുവൻ കോളങ്ങളും പൂരിപ്പിക്കാതെയോ, അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്യാതെയുമാണ് ലൈസൻസ് ഫീ നിർണ്ണയിച്ച് ഈടാക്കുന്നത്.

അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവയുടെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | സ്ഥാപനം |
|---|---|
| ശ്രീ.രത്നാകരൻ കെ. | സുവർണ്ണ ഓയിൽ ആൻഡ് ഫ്ലോർ മിൽസ് |
| ശ്രീ.വി.സദാനന്ദൻ | സുവർണ്ണ ഓയിൽസ് ആൻഡ് ഫ്ലോർ മിൽസ് |
| ശ്രീ.കൊയിലോടൻ രമേശൻ | രചന ഗ്രാനേറ്റ്സ് |

എല്ലാ അപേക്ഷകളിന്മേലും അന്വേഷണം നടത്തേണ്ടതും അപേക്ഷകൾ കൃത്യമായി പരിശോധിച്ച ശേഷം മാത്രം ഡി ആന്റ് ഓ ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

## 2-3 വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ വൻ തുകഃ

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | 2016-17 വർഷത്തിൽ പിരിച്ചെടുക്കാനുള്ളത് | പിരിച്ചെടുത്തത് | ശതമാനം | ബാക്കി |
|---|---|---|---|---|
| തൻവർഷം | 22,02,455 | 14,26,691 | 64.77 | 7,75,764 |
| കുടിശ്ശിക | 8,48,059 | 4,28,603 | 50.54 | 4,19,456 |
| ആകെ | 30,50,516 | 18,55,294 | 60.81 | 11,95,220 |

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ തൻവർഷം വസ്തു നികുതിയിനത്തിൽ 64.77 ശതമാനവും കുടിശ്ശികയിനത്തിൽ 50.54 ശതമാനവും മാത്രമേ പിരിച്ചെടുക്കുവാൻ കഴിഞ്ഞുള്ളൂ. 35.23 ശതനമാനത്തോളം രൂപ തൻവർഷവും 49.47 ശതമാനത്തോളം രൂപ കുടിശ്ശിക ഇനത്തിലും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതിയിനത്തിൽ തൻവർഷവും കുടിശ്ശിക ഇനത്തിലും ചേർന്ന് ആകെ 11,95,220/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണമാണ് ഇത്തരത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട വസ്തു നികുതി ഇനത്തിൽ വൻ കുറവ് സംഭവിച്ചത്. പഞ്ചായത്തിന്റെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ ഇത്ര മാത്രം അനാസ്ഥ കാണിക്കുന്നത് ശരിയായ രീതിയല്ല. വസ്തു നികുതി കൃത്യമായും, കാര്യക്ഷമമായും പിരിച്ചെടുക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തി - ബില്ല് തയ്യാറാക്കിയതിൽ പിശക് - അധികം നൽകിയത് 43,412/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

പ്രൊജക്ട് - വിളക്കോട് - ചാക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ

പ്രൊജക്ട് നം. - 3/17

അടങ്കൽ - 8,40,000/-

പി.എ.സി. - 7,74,411/-

കരാർ തീയ്യതി - 18-12-2015.

കരാറുകാരൻ - ആനന്ദൻ യു.

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി - 22-04-2016.

പാർട്ട് ബിൽ നം. –45/15-16 തീയതി 28-03-2016 - 4,34,122/- രൂപ [ട്രഷറി ബിൽ 365922/-]

ഫൈനൽ ബിൽ നം. - 4/16-17 തീയതി 15-03-2017 –8,18,391/- രൂപ [ട്രഷറി ബിൽ 449151/-]

2015-16 വർഷം ആരംഭിച്ച് 2016-17 വർഷം പൂർത്തീകരിച്ച മേൽ പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കിയതിൽ അപാകം സംഭവിച്ചതിനാൽ കരാറുകാരന് അധികം തുക നൽകുകയും നികുതിയിനത്തിൽ അധികം തുക ഒടുക്കുകയുമുണ്ടായി. മേൽ പ്രവൃത്തിയുടെ ബില്ല് താഴെപ്പറയും പ്രകാരമായിരുന്നു കണക്കാക്കേണ്ടിയിരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം - 8,18,391/-

(-) ടെണ്ടർ കുറവ് 5.71% - 46,730/-

മൊത്തം ചെലവുകൾക്ക് ആവശ്യമായ അലോട്ട് മെന്റ് - 7,71,661/-

(-) വാറ്റ് 4% - 30,866/-

(-) ആദായ നികുതി 1% - 7,717/-

(-) ക്ഷേമനിധി വിഹിതം 1% - 7,717/-

(-) വീപ്പയുടെ വില (13x238+12.5% വാറ്റ്) - 3,481/-

കരാറുകാരന് നൽകേണ്ടത് - 7,21,880/-

കരാറുകാരന് നൽകിയ തുക –7,58,595/-
(3,39,875/- ബിൽ നം.45/15-16 തീയതി 28-03-2016)

(418720 /- ബിൽ നം.4/16-17 തീയതി 15-03-2017)

കരാറുകാരന് അധികം നൽകിയത് - 36715/-

<u>നികുതിയിനത്തിൽ ഒടുക്കിയത്:</u>

(-) വാറ്റ് 4% - 35,331/-

(-) ആദായ നികുതി 1% - 8,833/-

(-) ക്ഷേമനിധി വിഹിതം 1% - 8,833/-

<u>അധികം ഒടുക്കിയ നികുതി:</u>

(-) വാറ്റ് 4% - 4,465/- (35,331-30,866)

(-) ആദായ നികുതി 1% - 1,116/- (8,833-7,717)

(-) ക്ഷേമനിധി വിഹിതം 1% - 1,116 (8,833-7,717)

രണ്ടാം പാർട്ട്/ഫൈനൽ ബില്ലിൽ നിന്നും (ആകെ 8,18,391/- രൂപ) ഒന്നാം പാർട്ട് ബിൽ തുകയായ 4,34,122/- രൂപ കുറച്ച് കരാറുകാരന് നൽകേണ്ട തുക കണ്ടെത്തുന്നതിന് പകരം റിട്ടൻഷൻ തുകയായ 43,412/- കുറച്ചതിന് ശേഷമുള്ള തുക ഒന്നാം പാർട്ട് ബിൽ തുകയായി കണക്കാക്കുകയും ഫൈനൽ ബിൽ തുക നൽകുമ്പോൾ ഇപ്രകാരം കുറച്ച 43412/- രൂപ വീണ്ടും കൂട്ടുകയും ചെയ്തത് നിമിത്തമാണ് അധിക തുക നൽകാനിടയായത്.

കരാറുകാരനും നികുതിയിനത്തിലുമായി അധികം ചെലവഴിച്ച തുക (36715+4465+1116+1116=43412/- രൂപ) നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൻ നിന്നും ഈടാക്കേണ്ടതാണ്. അധികം പിൻവലിച്ച് ചെലവഴിച്ചതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/06-06-2017) 08-06-2017 തീയ്യതിയിൽ സമർപ്പിച്ച മറുപടിയിൽ ബില്ല് തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകതയാണെന്നും തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. നഷ്ടം വന്ന 43,412/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 പ്രവൃത്തിപൂർത്തിയാക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയതിൽ 6881 /-കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

പ്രൊജക്ട് - പറപ്പള്ളി-കരുവോട്ട് പണിയ കോളനി കുടിവെള്ള കിണർ നിർമ്മാണം

ബിൽ നം. - 3/16-17 തീയ്യതി 30-01-2017.

പ്രൊജക്ട് നം. –6/17 (ടി.എസ്.പി. ഫണ്ട്)

അടങ്കൽ - 3,46,400/-

പി.എ.സി - 3,44,823/-

കരാർ തീയ്യതി - 08-01-2015.

കരാറുകാരൻ - രാമചന്ദ്രൻ

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി - 29-12-2016.

2014-15 വർഷം ആരംഭിച്ച മേൽ പ്രവൃത്തി പൂർത്തീകരിച്ചത് 29-12-2016 തീയ്യതിയിലാണ്. 08-01-2015 തീയ്യതിൽ കരാർ വച്ച പ്രവൃത്തിക്ക് സ്ഥലം കൈമാറിയ തീയ്യതി ഏതാണെന്ന് വ്യക്തമല്ല. പൂർത്തീകരണ കാലാവധി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി ഔദ്യോഗികമായി ദീർഘിപ്പിച്ച് നൽകിയിട്ടുമില്ല. കരാറുകാരൻ ദീർഘീകരണത്തിന് അപേക്ഷിച്ചതായും കാണുന്നില്ല. അതേ സമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നതിനാൽ അടങ്കൽ തുകയായ 3,46,400/- രൂപയുടെ 1% 3,464/- രൂപ

പിഴയായി ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ പ്രകാരം നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്തപക്ഷം 1% പിഴയോടെ 25% ദിവസവും, 2% പിഴയോടെ അടുത്ത 25% കൂടി ദീർഘീകരണം അനുവദിക്കാവുന്നതാണ്. ആകെ 50% ൽ കൂടുതൽ സമയം ദീർഘീകരണം അനുവദിക്കാവുന്നതുമല്ല. കാലതാമസം വന്നാൽ പിഴ ഈടാക്കേണ്ടത് പി.എ.സി. തുകക്ക് അനുസരിച്ചാണ്. മേൽ പ്രവൃത്തിയുടെ പി.എ.സി. 3,44,823/- രൂപയാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയ സമയമൊന്നും പരിഗണിക്കാതെ അടങ്കൽ തുകയുടെ 1% മാത്രം കണക്കാക്കിയാണ് പിഴ ഈടാക്കിയത്. പിഴ ഈടാക്കുന്നതിൽ കുറവ് വന്നതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/05-06-17) തീയതി 08-06-2017-ന് നൽകിയ മറുപടിയിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ 50% ൽ കൂടുതൽ സമയം വൈകിയതിനാൽ 1% പിഴ ഈടാക്കിയത് ധാരണക്കുറവ് കൊണ്ടാണെന്നും ബാക്കി തുക ഈടാക്കി ഒടുക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന 6881/- (10345-3464 = 6881/-) രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 പൂർത്തിയാക്കാത്ത ഭവന നിർമാണം-സത്വര നടപടികൾ അനിവാര്യം

ഭവന നിർമാണത്തിനായി സ്പിൽ ഓവറായി തയ്യാറാക്കിയ 28/17, 68/17 എന്നീ പ്രോജക്റ്റുകളിൽ യഥാക്രമം 50,000/-, 10,000/- എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടുകൾ പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

| പ്രോജക്ട് നം. | ആരംഭിച്ച വർഷം | ഗുണഭോക്താവ് | ആരംഭത്തിൽ വകയിരുത്തിയ തുക | നാളിതുവരെ നൽകിയ തുക | ബാക്കിയുള്ള തുക | നിലവിലെ സ്റ്റേജ് |
|---|---|---|---|---|---|---|
| 28/17 | 2007-08 | ജാനകി അമ്മ, കുറുന്നോൻ വീട് | 75,000 | 25000 | 50,000 | അടിത്തറ |
| | | ലക്ഷ്മി എം.കെ, അപ്പാടക്കുന്നുമ്മൽ | 75,000 | 25000 | 50,000 | അടിത്തറ |
| 68/17 | 2011-12 | സനോജ് എം, മണിയോത്ത് | 1,00,000 | 90,000 | 10,000 | ഭിത്തി |

മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഭവന നിർമാണ പദ്ധതികളിൽ ദീർഘകാലമായി പൂർത്തിയാകാതെ കിടക്കുന്ന ഭവനങ്ങളാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. മേൽ ഗുണഭോക്താകളുടെ ഭവന നിർമ്മാണം സത്വരമായി പൂർത്തിയാക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കാനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 നേന്ത്ര വാഴക്കൃഷിക്ക് രാസവളം വിതരണം-പ്രൊജക്ടിലെ നിരക്കിലും അധികമായി നൽകിയ 333/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| | | |
|---|---|---|
| പ്രോജക്ട് നം. | 74/17 | |
| അടങ്കൽ | വികസന ഫണ്ട് - 2,66,250<br>ഗുണഭോക്തൃവിഹിതം- 1,96,250<br>ആകെ - 4,62,500 | |
| ചെലവ് | ബിൽ നം., തീയതി | തുക |
| | J2/16-17, 09-03-2017 | 2,41,648 |
| | J6/16-17, 28-03-2017 | 5,946 |

| | | |
|---|---|---|
| ആകെ | | 2,47,594 |

നേന്ത്രവാഴ കൃഷി ചെയ്യുന്നവർക്ക് രാസവളവും കുമ്മായവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. 2500 വാഴകൾക്ക് 50 % നിരക്കിൽ (ഒരു വാഴക്ക് പരമാവധി 6.50 രൂപ) രാസവളവും 75% നിരക്കിൽ (ഒരു വാഴക്ക് പരമാവധി 4.50 രൂപ) കുമ്മായവും നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.

പ്രൊജക്ട് പ്രകാരം ഒരു വാഴക്ക് പരമാവധി 6.50 രൂപയുടെ രാസവളമാണ് നൽകാവുന്നത്. എന്നാൽ ആകെ 23,405 വാഴകൾക്ക് 1,52,466/- രൂപയുടെ രാസവളം നൽകിയിട്ടുണ്ട്. ഇത് പരമാവധി നൽകാവുന്ന തുകയിൽ നിന്നും 333/- രൂപ അധികമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ അധികമായി നൽകിയ 333/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 എല്ലാ വീട്ടുകളിലും അടുക്കളത്തോട്ടം- ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 1218/- രൂപ തടസ്സത്തിൽ വയ്ക്കുന്നു:

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| | | |
|---|---|---|
| പ്രോജക്ട് നം. | 77/17 | |
| അടങ്കൽ | വികസനഫണ്ട് – 1,00,000/-<br>ഗുണഭോക്തൃവിഹിതം - 32,813/-<br>ആകെ – 1,32,813/- | |
| ചെലവ് | ബിൽ നം., തീയതി | J3/16-17, 08-03-17 |
| | തുക | 97,200 |

ഗവ. അംഗീകൃത ഫാം/ മറ്റ് ഗവ. അംഗീകൃത നഴ്സറി/വി.എഫ്.പി.സി.കെ. എന്നിവയിൽ നിന്നും തക്കാളി, വഴുതന, പച്ചമുളക്, വെണ്ട, പയർ എന്നിവ 5 എണ്ണം വീതം 25 എണ്ണം അടങ്ങിയ യൂണിറ്റുകൾ കുടുംബശ്രീ മുഖാന്തരം എല്ലാ വീടുകൾക്കും വിതരണം ചെയ്യുന്നതിന്

തയ്യാറാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം വി.എഫ്.പി.സി.കെ, കാസർഗോഡിൽ നിന്നും വാങ്ങിച്ച തൈകൾ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത ചുവടെ കാണിച്ചിരിക്കുന്ന കുടുംബശ്രീകൾക്ക് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

| കുടുംബശ്രീയുടെ പേര് | വാർഡ് നം. | വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|---|
| സമന്വയ കുടുംബശ്രീ | 11 | 500 |
| ഐശ്വര്യ കുടുംബശ്രീ | 11 | 375 |
| അശ്വതി കുടുംബശ്രീ | 13 | 200 |
| വെണ്മ കുടുംബശ്രീ | 15 | 550 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ 4 കുടുബശ്രീകൾക്ക് പച്ചക്കറിത്തൈകൾ നൽകിയതിന്റെ സബ്സിഡി ചെലവായ 1218/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും നൽകൽ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചില്ല.

| പ്രോജക്ട് നം. | 73/17 | |
|---|---|---|
| അടങ്കൽ | വികസന ഫണ്ട് - 86,000<br>ഗുണഭോക്തൃ വിഹിതം - 90,000<br>ജില്ലാ പഞ്ചായത്ത് – 36,000<br>ആകെ - 2,12,000 | |

| ചെലവ് | ബിൽ നം., തീയതി | തുക |
|---|---|---|
| | J1/16-17, 09-03-2017 | 86,000 |
| | Ch.No. 1330013/30-03-2017 | 36,000 |

ഗ്രാമപഞ്ചായത്തിലെ രണ്ടാം വിള നെൽകൃഷി ചെയ്യുന്ന കർഷകർക്ക്, കർഷക ഗ്രൂപ്പ്, കുടുംബശ്രീ എന്നിവർക്ക് കൃഷിച്ചെലവിന്റെ 50% തുക (ഹെക്ടറിന് പരമാവധി 6000/- രൂപ) സബ്സിഡിയും 10 ഹെക്ടറിന് 800 കിലോ നെൽവിത്ത് ഗവ. ഫാമുകളിൽ നിന്നോ മറ്റ് ഗവ. അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷി ഓഫീസർ വാങ്ങി കർഷകർക്ക് സൗജന്യമായും നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. വികസന ഫണ്ടിൽ 32,000/- രൂപ നെൽവിത്ത് വാങ്ങുന്നതിനും 54,000/- രൂപ കൂലിച്ചെലവിനുമാണ് വകയിരുത്തിയത്.

2016-17-ലെ പദ്ധതി നടത്തിപ്പിന് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016/തസ്വഭവ തീയതി 11-01-2016-ലെ അനുബന്ധം 15 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് നൽകാൻ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രൊജക്ടിലേക്ക് 50% വിഹിതം ജില്ലാ പഞ്ചായത്ത് നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മേൽ പദ്ധതിയിൽ കൂലിച്ചെലവ് നൽകുന്നതിനായി 54,000/- രൂപ ഗ്രാമപഞ്ചായത്തും 36,000/- രൂപ ജില്ലാപഞ്ചായത്തുമാണ് വകയിരുത്തിയതും ചെലവഴിച്ചിരിക്കുന്നതും. 50% എന്ന നിബന്ധന പാലിച്ചിട്ടില്ല. ഭാവിയിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം സ്ഥാപനങ്ങളിലേക്ക് നൽകാൻ കാലതാമസം

ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയ വിവിധ പദ്ധതികളിലായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിലേക്ക് കാലതാമസം കൂടാതെ അടച്ചിട്ടുണ്ടെങ്കിലും തുക നൽകേണ്ടുന്ന സ്ഥാപനങ്ങളിലേക്ക് നൽകുന്നതിന് കാലതാമസം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ഗുണഭോക്തൃ വിഹിതം അടച്ച തീയതി | തുക | സ്ഥാപനത്തിന്റെ പേര് | വൌച്ചർ നം/തീയതി | തുക |
|---|---|---|---|---|---|---|
| 1 | 77/17 | 30-12-2016 | 11,775 | വി.എഫ്.പി.സി.കെ, | | |

| | | | | | | |
|---|---|---|---|---|---|---|
| | എല്ലാ വീട്ടു കളിലും അടുക്കളത്തോട്ടം | 03-01-2017 | 13,650 | കാസറഗോഡ് | | |
| | | 11-01-2017 | 6,975 | | 9/31-05-17 | 32,400 |
| 2 | 75/17 | 18-03-17 | 21,105 | കെ.വി.കെ, കാഞ്ഞിരങ്ങാട് | 10/31-05-17 | 21,105 |
| 3 | 76/17 തെങ്ങിൻ തൈ വിതരണം | 16-03-17 | 27,750 | കോക്കനട്ട് നഴ്സറി, പാലയാട് | 8/31-05-17 | 14,625 |
| | | 17-03-17 | 19,500 | കെ.വി.കെ, കാഞ്ഞിരങ്ങാട് | 10/31-05-17 | 32,625 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ പിരിച്ചെടുക്കുന്ന ഗുണഭോക്തൃവിഹിതം തുക നൽകേണ്ടുന്ന സ്ഥാപനങ്ങളിലേക്ക് കാലതാമസമില്ലാതെ അടക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വനിതകൾക്ക് പശു വിതരണം-ഗുണഭോക്താക്കളുടെ വാർഷിക വരുമാനം പരിശോധിച്ചില്ല-4,65,000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

| | | |
|---|---|---|
| പ്രോജക്ട് നം. | 59/17 | |
| അടങ്കൽ | വികസന ഫണ്ട് - 6,00,000/-<br>വായ്പ - 6,00,000/-<br>ആകെ - 12,00,000/- | |
| ചെലവ് | ബിൽ നം., തീയതി | P1/16-17, 30-03-2017 |
| | തുക | 4,65,000/- |

ഗുണഭോക്താക്കൾക്ക് 30,000/- രൂപയിൽ കൂടുതൽ വില വരുന്ന കറവപ്പശുക്കളെ വാങ്ങുന്നതിന് 50% (പരമാവധി 15,000/- രൂപ) സബ്സിഡി നൽകുന്നതിന് തയ്യാറാക്കിയ പ്രൊജക്ടാണിത്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 31 പേർക്ക് 15,000/- രൂപ വീതം ആകെ 4,65,000/- രൂപ അവർ വായ്പ എടുത്ത ബാങ്കുകളിലേക്ക് നൽകിയിട്ടുണ്ട്.

17-08-2016-ലെ സ.ഉ.(സാധാ) നം. 2464/2016/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വിവിധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി പൊതുവിഭാഗത്തിന് ഒരു ലക്ഷം രൂപയാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വരുമാനം പരിധിക്കുള്ളിലാണ് എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ പദ്ധതിയുടെ ഗുണഭോക്താക്കൾ ഇടത്തരം ക്ഷീര കർഷകരാണെന്നും വരുമാനം ഒരു ലക്ഷത്തിൽ താഴെയാണെന്നും സാക്ഷ്യപ്പെടുത്തുന്നു എന്നാണ് മറുപടി നൽകിയത്. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നൽകിയ ഈ സാക്ഷ്യപ്പെടുത്തൽ സ്വീകാര്യമല്ല.

ഗുണഭോക്താക്കളുടെ വരുമാനം പരിശോധിക്കാതെ ധനസഹായം നൽകിയതിനാൽ ചെലവ് തുകയായ 4,65,000/- രൂപ തടസ്സപ്പെടുത്തുന്നു. ഉത്തരവുകൾ ലംഘിക്കുന്ന പ്രവണത നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടാവുന്നത് തടയാൻ ഭരണസമിതി ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കുള്ള പരിശീലന പരിപാടികൾ- അർഹത ഉറപ്പാക്കുന്നില്ല:

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. മുഴക്കുന്ന്.

| പ്രോജക്ട് | വോളിബോൾ പരിശീലനം | | കളരി പരിശീലനം | |
|---|---|---|---|---|
| പ്രോജക്ട് നം. | 83/17 | | 82/17 | |
| അടങ്കൽ | വികസന ഫണ്ട് - 80,000/- | | വികസന ഫണ്ട് - 80,000/- | |
| ചെലവ് | ബിൽ നം., തീയതി | 2/16-17, 20-03-2017 | ബിൽ നം., തീയതി | 3/16-17, 20-03-2017 |
| | തുക | 75,000 | തുക | 80,000 |

12 മുതൽ 14 വയസ്സ് വരെയുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്ക് വോളിബോൾ പരിശീലനം നൽകുന്നതിനും 4,5,6,7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കളരിപ്പയറ്റിൽ പരിശീലനം നൽകുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നു. 50 കുട്ടികൾക്ക് വോളിബോളിലും 106 കുട്ടികൾക്ക് കളരിപ്പയറ്റിലും മേൽ പദ്ധതികൾ പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്.

എന്നാൽ പരിശീലനങ്ങളിൽ പങ്കെടുത്ത കുട്ടികളുടെ പ്രായം, പഠിക്കുന്ന ക്ലാസ് എന്നിവ സ്കൂൾ അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കുട്ടികളുടെ പ്രായം, പഠിക്കുന്ന ക്ലാസ് എന്നിവ സ്കൂൾ അധികാരി സാക്ഷ്യപ്പെടുത്തിയ നിർവഹണ സർട്ടിഫിക്കറ്റ് ഉദ്യോഗസ്ഥൻ ഹാജരാക്കുകയായിരുന്നു. ഭാവിയിൽ പദ്ധതി നിർവഹണം നടത്തുമ്പോൾ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ പ്രായം, പഠിക്കുന്ന ക്ലാസ് എന്നിവ സ്കൂൾ അധികാരികളിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങിയ ശേഷം പദ്ധതി നടപ്പാക്കേണ്ടതാണ്.

കളരിപ്പയറ്റിൽ പരിശീലനം നേടിയ കുട്ടികളുടെ കളരി പ്രദർശനത്തിനായി 2000/- രൂപ പ്രോജക്ടിൽ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കളരിപ്പയറ്റ് പ്രദർശനം പരിശീലനം നടത്തിയ കളരികളിൽ നടത്തുന്നതിന് പകരം പഞ്ചായത്ത് തലത്തിൽ നടത്തുന്നതാണ് ഉചിതം. കൂടാതെ പ്രദർശനം നടത്തിയതിന്റെ ഫോട്ടോ അടക്കമുള്ള മുഴുവൻ രേഖകളും സൂക്ഷിക്കേണ്ടതുമാണ്. വീഴ്ചകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-10 എസ്.എസ്.എ -പദ്ധതി നിർവഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തമില്ല

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. മുഴക്കുന്ന്

| | | |
|---|---|---|
| പ്രോജക്ട് നം. | 71/17 | |
| അടങ്കൽ | വികസന ഫണ്ട് 6,00,000 | |
| ചെലവ് | ബിൽ നം., തീയതി | 1/16-17, 19-10-2016 |
| | തുക | 6,00,000 |
| | തുകകൾ കൈപ്പറ്റ് രശീതി നം. | 776/677524 – 25-10-16 (Dist. Project Officer, SSA) |

| | | |
|---|---|---|
| | | |

2016-17-ലെ പദ്ധതി നടത്തിപ്പിന് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)4/2016/തസ്വഭവ തീയതി 11-01-2016-ലെ ഖ.9(ii) പ്രകാരം പദ്ധതി തയ്യാറാക്കുന്നതിന് മുമ്പായി മുൻവർഷം എസ്.എസ്.എ. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ മാർഗരേഖയിലെ ഖ.11.6 പ്രകാരം എസ്.എസ്.എ.യും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനവും ചേർന്നാണ് പ്രോജക്ട് തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പ്രോജക്ടിനു വേണ്ടി ഇത്തരം പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

2016-17 വർഷത്തിൽ എസ്.എസ്.എ. വിഹിതമിനത്തിൽ 6,00,000/- രൂപ എസ്.എസ്.എ.യ്ക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതായുള്ള എസ്.എസ്.എ. അധികൃതരിൽ നിന്നുള്ള രസീതും, വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റ് അന്തിമ ചെലവു പത്രിക, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. എല്ലാ പദ്ധതി വർഷത്തിലെയും നിർബന്ധിത വകയിരുത്തലിൽ ഉൾപ്പെട്ട് തയ്യാറാക്കുന്ന എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി ചെലവഴിക്കുന്ന തുകയുടെ കൃത്യമായ മോണിറ്ററിംഗും നടപ്പാക്കുന്ന പദ്ധതികളുടെ വിശദമായ പരിശോധനയും വിലയിരുത്തലും നടക്കുന്നില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനർഹമായി തുക അനുവദിച്ചു - 1100/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല:

പ്രോജക്ടിന്റെ പേര് - ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| | |
|---|---|
| പ്രോജക്ട് നം | 100/17 |
| അടങ്കൽ<br><br>ആകെ | 33,2600/- (വികസന ഫണ്ട്- ജനറൽ) +<br>107400/- (ബ്ലോക്ക്പഞ്ചായത്ത്)<br><br>4,40,000 |

| | |
|---|---|
| ചെലവ്<br><br>ആകെ | 3,32,600/- (വികസന ഫണ്ട് ജനറൽ)+<br>1,07,400/- (ബ്ലോക്ക് പഞ്ചായത്ത്)<br>4,40,000 |
| ബിൽ നമ്പർ/ തീയതി | 5/16-17, 24-03-2017- 3,32,600/- |
| ചെക്ക് നം. തീയതി | 0737081, 30-03-2017- 1,07,400/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി 48 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഇതിൽ അഞ്ജന എ.സി. എന്ന പ്രീ പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ 12 മാസം 4800/- രൂപ ലഭിക്കാനുള്ള അർഹത മാത്രമേ ഉള്ളൂ. എന്നാൽ 5900/- രൂപ നൽകി. (പട്ടിക ക്രമ നം. 33 കാണുക) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക കണക്കു കൂട്ടിയതിൽ വന്ന പിഴവ് മൂലമാണ് അധികം തുക നൽകിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. അധികം നൽകിയ 1100/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 3-12 ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതപ്പെട്ട മുഴുവൻ തുകയും വിതരണം ചെയ്യുന്നില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം താഴെപ്പറയുന്ന രീതിയിൽ തുക വിതരണം ചെയ്തിട്ടിട്ടുണ്ട്.

| പേര് | വൈകല്യം | പഠിക്കുന്ന ക്ലാസ് | അർഹമായ തുക | അനുവദിച്ച തുക | വ്യത്യാസം |
|---|---|---|---|---|---|
| നഫീസുത്തുൾ മിസ്രിയ | PH | 9 | 7200 | 7000 | 200 |
| സുബിൻ കുമാർ | PH | +1 | 7200 | 7000 | 200 |

| | | | | | |
|---|---|---|---|---|---|
| ശോണിമ കെ.കെ. | PH | 10 | 7200 | 7000 | 200 |
| ആൻമരിയ | PH | 10 | 7200 | 7000 | 200 |
| മുഹമ്മദ് അജ്മൽ കെ | PH | 9 | 7200 | 7000 | 200 |
| അശ്വന്ത് | PH | ബി.എ | 9600 | 7200 | 2400 |
| ഫിദ ഫാത്തിമ | PH | 3 | 4800 | 4700 | 100 |
| മുഹമ്മദ് സിനാൻ | PH | 2 | 4800 | 4700 | 100 |
| മുഹമ്മദ്റാസി കെ.പി. | PH | 4 | 4800 | 4700 | 100 |
| നവ്യ അലോറ | PH | ബി.എ | 9600 | 9300 | 300 |
| മഷൂദ് പി.കെ. | PH | +1 | 7200 | 6700 | 500 |
| റിജിൻ ദേവ് | MR | 1 | 12000 | 6600 | 5400 |

മേൽപ്പറഞ്ഞ വിദ്യാർത്ഥികൾക്ക് അർഹമായ തുക വിതരണം ചെയ്യുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഒരു കുട്ടിയുടെ അപേക്ഷ വൈകി ലഭിച്ചതു കാരണം ആ കുട്ടിയെ ബ്ലോക്ക് ഷെയറിൽ ഉൾപ്പെടുത്താൻ സാദ്ധ്യമാകാതെ വന്നപ്പോൾ ബ്ലോക്ക് ഷെയറിൽ ആ ഗുണഭോക്താവിനെ കൂടി ഉൾപ്പെടുത്തുവാൻ വേണ്ടിയാണ് മറ്റുള്ളവരുടെ തുകയിൽ നിന്നും കുറവ് വരുത്തിയത് എന്നാണ് അറിയിച്ചത്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് മുഴവൻ സഹായവും വിതരണം ചെയ്യുന്നതിനിന്ന വേണ്ടി പ്രോജക്ട് രൂപീകരണ ഘട്ടത്തിൽ തന്നെ ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിലേക്ക് വേണ്ടി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാത്തനിൽ 1,37,170/- രൂപയുടെ ചെലവ് തടസ്സപ്പെട്ടുത്തുന്നു:

1) പ്രോജക്ടിന്റെ പേര് : ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0054/17 |
| അടങ്കൽ | 3,00,000/- മെയിന്റനൻസ്/റോഡിതരം |
| ചെലവ് | 3,00,000 |
| ബിൽ നമ്പർ, തീയതി | 1/16-17, 11-01-2017 |

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനു വേണ്ടി 300,000/- രൂപ (ഡി.ഡി നമ്പർ 889967/ 11-01-17 – 3,00,000/- രൂപ) ഔഷധി എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. ലഭ്യമാക്കിയ മരുന്നിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|
| 413/N/2016-17 | 21-01-2017 | 1,64,136 |
| 3010/N/2016-17 | 21-02-2017 | 46,463 |
| 3060/N/2016-17 | 25-02-2017 | 32,366 |
| 3502/N/2016-17 | 25-03-2017 | 4,410 |
| 3691/N/2016-17 | 31-03-2017 | 15,455 |
| ആകെ | | 2,62,830 |

ആകെ 2,62,830/- രൂപയുടെ മരുന്നുകൾ ലഭ്യമായതിൻെറ രേഖകളാണ്

ഹാജരാക്കിയത്. 37,170/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാകാത്തതിനാൽ ടി തുക തടസ്സത്തിൽ വെക്കുന്നു. 37,170/- രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പ്രസ്തുത രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0055/17 |
| അടങ്കൽ | 1,00,000/- മെയിൻറനൻസ്/റോഡിതരം |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ, തീയതി | 1/16-17, 28-03-2017 |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനു വേണ്ടി 1,00,000/- രൂപ 28-03-2017 തീയതിയിൽ 34306403911 എന്ന അക്കൗണ്ട് നമ്പറിലേക്ക് ട്രഷറി വഴി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ഹോംകോ എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ടി തുക തടസ്സത്തിൽ വെക്കുന്നു. 1,00,000/- രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പ്രസ്തുത രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്:

2016-17 വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം.&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വൌച്ചർ നം.& തീയ്യതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 70/17<br>തെരുവ് നായ്ക്കളുടെ നിയന്ത്രണം | സെക്രട്ടറി,<br>മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | വൌച്ചർ നം.21600591 തീയ്യതി | 1,00,000 | ജില്ലാപഞ്ചായത്ത് പഞ്ചായത്ത്, കണ്ണൂർ |

| | | | | |
|---|---|---|---|---|
| | | 31-12-2016 | | |
| 139/17<br>സമ്പൂർണ്ണ വൈദ്യുതീകരണം | സെക്രട്ടറി,<br>മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | വൌച്ചർ നം.21600762 തീയ്യതി 31-03-2017 | 485851 | കെ.എസ്.ഇ.ബി.<br>ഇരിട്ടി, സബ്ഡിവിഷൻ |

അതാത് സ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-15 ബാങ്ക് അക്കൗണ്ടിൽ ബാക്കിയായ തുക തിരിച്ചടച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കേരള ഗ്രാമീണ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.40425100010960) 01-05-2017-ന് 54,876/- രൂപ നീക്കിയിരിപ്പുണ്ട്. പേരാവൂർ ട്രഷറി നോൺ ബാങ്കിംഗ് ട്രഷറി ആയതിനാൽ ട്രഷറിയിൽ നിന്നും ബിൽ മുഖേന പിൻവലിച്ച തുകകൾ ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ജി.ഒ.(പി) നം.177/06/ഫിൻ തീയതി 12-04-2006 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയായ തുകകൾ എത്രയും വേഗം തിരിച്ചടക്കേണ്ടതാണ്. തുക തിരിച്ചടക്കാത്തതിന് മതിയായ വിശദീകരണം നൽകേണ്ടതാണ്.

## 3-16 ഭവന നിർമാണം - പട്ടികജാതി - കരാർ എഴുതി രജിസ്റ്റർ ചെയ്യിട്ടില്ല - ഗുണഭോക്താവിന് നൽകിയ 2,40,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു:

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

| | | |
|---|---|---|
| പ്രോജക്ട് നം. | 50/17 | |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി) - 3,00,000/- | |
| ചെലവ് | ബിൽ നം., തീയതി | തുക |
| | 7/16-17, 19-01-2017 | 1,20,000 |

| | | |
|---|---|---|
| | 9/16-17, 27-2-17 | 1,20,000 |

പട്ടികജാതി വിഭാഗത്തിൽപെട്ട ഒരു ഗുണഭോക്താവിന് ഭവന നിർമാണത്തിന് ധനസഹായം നൽകുന്നതിന് തയ്യാറാക്കിയ പ്രൊജക്റ്റാണിത്. ഈ പ്രൊജക്റ്റ് പ്രകാരം വി.സി.സുബീഷ് ബാബു, S/o. ചന്ദ്രൻ കെ.പി, വെണ്ടേക്കുംചാൽ എന്ന ഗുണഭോക്താവിനാണ് ധനസഹായം നൽകിയത്.

2016-17-ലെ വാർഷിക പദ്ധതി സംബന്ധിച്ച സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ തീയതി 11-01-2016-ലെ അനുബന്ധം 15 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്റ്റർ ചെയ്യേണ്ടതാണ്. മേൽ പ്രൊജക്റ്റിൽ ഈ നടപടി പൂർത്തിയാക്കിയിട്ടില്ല. അതിനാൽ ഗുണഭോക്താവിന് നൽകിയ 2,40,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പേരാവൂർ | 90,000 | കറവപശുക്കൾക്കുള്ള പോഷകാഹാര വിതരണം | 90,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പേരാവൂർ | 1,07,400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,07,400 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പേരാവൂർ | 1,18,750 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ബത്ത | 1,18,750 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പേരാവൂർ | 2,21,000 | വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം | 2,21,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പേരാവൂർ | 1,22,500 | ഗവ. ഐ.ടി.ഐ.ക്ക് സ്ഥലം വാങ്ങൽ | 0 | 1,22,500 |
| ജില്ലാപഞ്ചായത്ത്, കണ്ണൂർ | 36,000 | നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും നൽകൽ | 36,000 | 0 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്. മുൻവർഷങ്ങളിൽ ലഭിച്ച് ഇതുവരെയായി ചെലവഴിക്കാത്ത ഒട്ടേറെ ഫണ്ടുകൾ (44.24 ലക്ഷം രൂപ) അക്കൌണ്ടിലെ ബി4 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുണ്ട്. ടി തുകകൾ സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |

| | |
|---|---|
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി | 10,000 |
| ആകെ | 10,000 |

വാർഷിക ധനകാര്യപത്രികയോടൊപ്പമുള്ള ബാലൻസ് ഷീറ്റിലെ B12 ഷെഡ്യൂളിൽ സ്ഥിരനിക്ഷേപമായി കണ്ടിട്ടുള്ള 5,010/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ തുക സ്ഥിര നിക്ഷപ രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,21,451/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-10 | 5,335 | അനന്തൻ,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 11602105428<br>Dt.27.04.2016 |
| 2015-16 | 3-2 | 750 | മിനീഷ പി., ക്ലർക്ക് | 11602100378<br>Dt.30.3.2017 |
| 2015-16 | 3-3 | 1,15,366 | ഭൂജല വകുപ്പ്, കണ്ണൂർ ജില്ലാ ഓഫീസ് | 116024000001<br>Dt.23.04.2016<br>116024000007<br>Dt.30.09.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം:

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 3,74,20,668 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 3,29,04,795 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44,512 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,43,721 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 43,412 | എം.പ്രകാശ് ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | - | 1,100 | ഗീതാകുമാരി വി.ജി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 333 | യു.പ്രസന്നൻ, കൃഷി ഓഫീസർ |
| 3-5 | 1,218 | യു.പ്രസന്നൻ, കൃഷി ഓഫീസർ |
| 3-8 | 4,65,000 | ഡോ.എസ്.സാരഥി, വെറ്ററിനറി സർജ്ജൻ |
| 3-13(1) | 37,170 | ഡോ.ഇന്ദു വാര്യർ, മെഡിക്കൽ ഓഫീസർ, (ജി.എ.ഡി) |
| 3-13(2) | 1,00,000 | ഡോ.ഇ.പി.മനോജ്, മെഡിക്കൽ ഓഫീസർ, (ഹോമിയോ) |
| 3-16 | 2,40,000 | പി.കെ.വിനോദ്, അസി.സെക്രട്ടറി |
| ആകെ | 8,43,721 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.പ്രകാശ് ബാബു,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>മാലൂർ ഗ്രാമ പഞ്ചായത്ത് | കൃഷ്ണാഞ്ജലി<br>എടക്കാട്.പി.ഒ,<br>കണ്ണൂർ. |

| | | |
|---|---|---|
| ഗീതാകുമാരി.വി.ജി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | അച്ചു നിവാസ്<br>വിളക്കോട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി5/297/13(1)<br>തീയതി 14-06-2013 | 3 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./സി5/297/13(2)<br>തീയതി 14-06-2013 | 11 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി5/297/13(3)<br>തീയതി 14-06-2013 | 4 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി5/297/13(4)<br>തീയതി 14-06-2013 | 5 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി5/297/13(5)<br>തീയതി 14-06-2013 | 4 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.എൻ.ആർ./സി5/216/13<br>തീയതി 23-03-2013 | 17 |
| 2009-10,<br>2010-11,<br>2011-12 | എൽ.എഫ്.കെ.എൻ.ആർ./സി5/25/13(5)<br>തീയതി 14-06-2013 | 16 |
| 2012-13 | എൽ.എഫ്.കെ.എൻ.ആർ./സി5/882/2015<br>തീയതി 5-08-2015 | 13 |
| 2013-14,<br>2014-15 | എൽ.എഫ്.കെ.എൻ.ആർ./സി5/1336/2016<br>തീയതി 2-08-2016 | 18 |
| 2015-16 | എൽ.എഫ്.കെ.എൻ.ആർ./സി11/2148/2016<br>തീയതി 20-12-2016 | 4 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP/apr

# <u>അനുബന്ധം1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം. കെ.എസ്.എ/കെ.എൻ.ആർ/സി.11/978/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഫോൺ: 04972 707698

ഇ മെയിൽ:doknr.ksad@kerala.gov.in

തീയ്യതി: 04-07-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

No. KSA/KNR/C11/978/2017.

Kerala State Audit Department

District Audit Office,Kannur,

Phone: 04972 707698

E-Mail: doknr.ksad@kerala.gov.in

Date: 04-07-2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muzhakkunnu Grama Panchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Muzhakkunnu Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,

District Audit Office, Kannur

PVP

## അനുബന്ധം2

# ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ്

Muzhakkunnu Grama Panchayath

Income & Expenditure Statement

for the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 3,185,075.00 |
| 130000000 | Rental Income from panchayath properties | 1-3 | 152,120.00 |
| 140000000 | Fee &User charges | I-4(b) | 1,012,493.00 |
| 150000000 | Sale &Hire Charges | I-5(b) | 455,610.00 |
| 160000000 | Revenue Grants,Funds, Contributions &Compensations | I-6 | 39,990,419.00 |
| 171000000 | Interest Earned | I-8 | 421,322.00 |
| 180000000 | Other income | I-9 | 750.00 |
| A | Total Income | | 45,217,789.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 8,391,629.00 |
| 220000000 | Administrative Expenses | I-11(b) | 554,292.00 |
| 230000000 | Operations & Maintanance | I-12(b) | 546,418.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 584.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 5,292,828.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 16,096,707.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 946,953.00 |
| 253000000 | Decentralised Plan programme – Projects not included in<br>Sector Division | I-14(c) | 372,623.00 |
| 254000000 | Expenditures of Transferred<br>Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 8,917,792.00 |
| 255000000 | Maintenance Projects | I-14(e) | 1,825,911.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 17,400.00 |
| 272000000 | Depreciation | 1-17(a) | 4,276,099.00 |
| B | Total - Expenditure | | 47,239,236.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (2,021,447.00) |

| | | | |
|---|---|---|---|
| D=280000000 | Prior period Item | I-18 | (950,724.00) |
| E=C-D<br><br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br><br>Transfer to reserve funds | | (1,070,723.00) |
| | Net balance being surplus/Deficit carried over to balance sheet (Panchayat Fund) | | |

Deputy Director,
Kerala State Audit Department,
District Audit Office, Kannur.

## അനുബന്ധം3

## റസീപ്റ്റ് ആന്റ് പേയമെന്റ് സ്റ്റേറ്റ് മെന്റ്

Muzhakkunnu Grama Panchayat

Receipt And Payment Statement For the period from

01-April 2016 to 31 March 2017

| Code | Head Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 19,237,352.00 |
| | Cash | RP-40(a) | 228,086.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 738,390.00 |
| 140000000 | Fees & User Charges | RP- 4 | 338,223.00 |
| 150000000 | Sale & Hire Charges | RP- 5 | 171,730.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP- 7 | 7,642,312.00 |
| 171000000 | Interest Earned | RP- 9 | 421,322.00 |
| 320000000 | Grants, Funds & Contributions for specific purposes | RP- 31 | 23,154,610.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1,107,720.00 |
| Non Operating | | | |
| 180000000 | Other income | RP-10 | 750.00 |
| 311000000 | Earmarked Funds | RP-29 | 427.00 |
| 340000000 | Deposits Received | RP- 34 | 380,504.00 |
| 341000000 | Deposit works | RP-35 | 3,468.00 |
| 350000000 | Other Liabilities | RP- 36 | 137,708.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 3,191,564.00 |
| 460000000 | Loans,Advances and Deposits | RP- 47 | 131,940.00 |
| Grand Total | | | 56,886,106.00 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2,649,194.00 |
| 220000000 | Administrative Expenses | RP-12 | 554,292.00 |
| 230000000 | Operatations & Maintanance | RP-13 | 546,418.00 |

| | | | |
|---|---|---|---|
| 250000000 | Decentralised plan programme – Productive Sector | RP-15 | 1,850,338.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 11,240,789.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 946,953.00 |
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 372,623.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 679,192.00 |
| 255000000 | Maintanance Projects | RP-20 | 1,825,911.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 17,400.00 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 787,842.00 |
| 350000000 | Other Liabilities | RP-36 | 5,046,157.00 |
| Non Operating | | | |

| | | | |
|---|---|---|---|
| | | | |
| 240000000 | Interest & Finance Charges | RP-14 | 584.00 |
| 340000000 | Deposits Received | RP-34 | 93,000.00 |
| 350000000 | Other Liabilities | RP-36 | 1,769,366.00 |
| 410000000 | Fixed Assets | RP-38 | 1,456,163.00 |
| 412000000 | Capital Work In Progress | RP-40 | 2,705,946.00 |
| 460000000 | Loans,Advances and Deposits | RP-47 | 362,627.00 |
| | Closing Balance | | |
| | Bank | RP-40(b) | 23,882,786.00 |
| | Cash | RP-40(b) | 98,525.00 |
| Grand Total | | | 56,886,106.00 |

Deputy Director,
Kerala State Audit Department,
District Audit Office, Kannur.

# അനുബന്ധം4

## ബാലൻസ് ഷീറ്റ്

Muzhakkunnu Grama Panchayat

Balance Sheet

As on 31 March 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 10317992.25 |
| 311000000 | Earmarked Funds | B-2 | 63608.00 |
| 312000000 | Reserves | B-3 | 45990726.00 |
| | Total Reserve & surplus | | 56372326.25 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 4424300.00 |
| | Total Grants,Funds & Contributions for Specific Purposes | | 4424300.00 |
| | Current Liabilities and Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 626532.00 |
| 341000000 | Deposit Works | B-8 | 7173.00 |
| 350000000 | Other Liabilities | B-9 | 1133712.75 |
| | Total Current Liabilities and Provisions | | 1767417.75 |
| | TOTAL LIABILIITIES | | 62564044.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 47953346.00 |
| 411000000 | Accumulated Depreciation | B-11 | (11726081.00) |
| 412000000 | Capital Work In Progress | B-11(a) | 163164.00 |
| | Total Fixed Assets | | 36390429.00 |
| 420000000 | Investment | B-12 | 15010.00 |
| | Total Investment | | 15010.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2102671.00 |
| 450000000 | Cash and Bank balance | B-17 | 23981311.00 |
| 460000000 | Loans,Advances and Deposits | B-18 | 74623.00 |
| | Total Current Assets,Loans and Advances | | 26158605.00 |

| | | | |
|---|---|---|---|
| | | | |
| | Total Assets | | 62564044.00 |

Deputy Director,
Kerala State Audit Department,
District Audit Office, Kannur.

PVP